**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 432** **24-08-2022 - ൽ മറുപടിയ്ക്ക്**

**കടമെടുപ്പ് പരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിന്റെ കടമെടുപ്പ് പരിധി നടപ്പ് സാമ്പത്തിക വർഷം എത്രയാണ്; നാളിതുവരെ ഈ സാമ്പത്തിക വർഷം എത്ര രൂപ കടം എടുത്തിട്ടുണ്ട്; | (എ) | കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ച് നൽകുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3.5 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 9,26,837 കോടി രൂപയുടെ 3.5 ശതമാനമായ 32,439 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ കടമെടുപ്പ് പരിധി. 23.08.2022-ലെ കണക്കുപ്രകാരം ഈ സാമ്പത്തികവർഷം ഓപ്പൺ മാർക്കറ്റ് ബോറോയിംഗിലൂടെ 4500 കോടി രൂപ കടമെടുത്തിട്ടുണ്ട്. |
| (ബി) | 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും കേരളം കടമെടുത്ത തുക എത്രയാണെന്ന് വ്യക്തമാക്കുമോ? | (ബി) | 2016-17 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെ അഭ്യന്തര വായ്പായിനത്തിലും കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പായിനത്തിലും, പി.എഫ്, ലഘുസമ്പാദ്യങ്ങൾ എന്നിവയിൽ നിന്നുള്ള വായ്പായിനത്തിലും എടുത്തിട്ടുള്ള വായ്പയുടെ വിശദാംശങ്ങൾ ചുവടെ പട്ടികയായി ചേർക്കുന്നു. |

(തനി) (തുക കോടിയിൽ)

| **വർഷം** | **2016-17** | **2017-18** | **2018-19** | **2019-20** | **2020-21** | **2021-22** |
|---|---|---|---|---|---|---|
| **അഭ്യന്തര വായ്പ** | **15772.46** | **17231.81** | **15490.50** | **14969.00** | **24514.06** | **20329.83** |
| **കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ** | **379.43** | **-130.15** | **-240.58** | **1436.77** | ***527.45** | ***-24.67** |
| **പി.എഫ്, ലഘു സമ്പാദ്യ പദ്ധതികൾ മുതലായവ** | **12931.65** | **7206.83** | **9619.21** | **8274.11** | **11547.96** | **18447.47** |
| **ആകെ** | **29083.54** | **24308.49** | **24869.13** | **24679.88** | **36589.48** | **38752.63** |

(*2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ജി.എസ്.ടി നഷ്ടപരിഹാരയിനത്തിൽ തിരിച്ചടയ്ക്കേണ്ടതല്ലാത്ത വായ്പയായി കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമായ തുക ഇതിൽ ഉൾപ്പെടുന്നില്ല.)

സെക്ഷൻ ഓഫീസർ